LIBRARY ARCHIVES Kerala Legislative Assembly

ആലുവ ദേശീയ പാതയിലെ മേൽപ്പാലം

177 (5882) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവയിൽ ദേശീയപാത 47-ൽ പണിയുന്ന മേൽപ്പാലത്തിന്റെ നിർമ്മാണം ഇപ്പോൾ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ പണി എന്ന് പൂർത്തിയാക്കണമെന്നാണ് കരാർ വ്യവസ്ഥ പ്രകാരം തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മേൽപ്പാലം ഉപയോഗിക്കുന്നതിന് ടോൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി വാർത്ത വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവയിൽ പണിയുന്ന മേൽപ്പാലത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) കരാർ വ്യവസ്ഥ പ്രകാരം 21-12-2010-ന് മുമ്പ് മേൽപ്പാലത്തിന്റെ പണി പൂർത്തിയാക്കേണ്ടതാണ്.

(സി) ആലുവ മേൽപ്പാലത്തിന് പ്രത്യേകമായി ടോൾ ഏർപ്പെടുത്തിയിട്ടില്ല. ഈ പാലം ഉൾപ്പെടെയുള്ള ദേശീയ പാതയ്ക്ക് തൃശ്ശൂരിനടുത്തുള്ള താലോർ ബൈപ്പാസ് ജംഗ്ഷനിലാണ് ടോൾ പ്ലാസ സജ്ജമാക്കുന്നത്. ബി.ഒ.റ്റി. വ്യവസ്ഥ ഒഴിവാക്കി ടോൾ ഫ്രീയായി ദേശീയപാതാ വികസനം നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇരിക്കൂർ ടൗൺ, മാമാനം പാലം, ശ്രീകണ്ഠപുരം ടൗൺ എന്നീ പ്രവൃത്തികൾ

178 (5883) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് - ഇരിട്ടി റോഡിന്റെ ഭാഗമായ ഇരിക്കൂർ ടൗൺ, മാമാനം പാലം, ശ്രീകണ്ഠപുരം ടൗൺ എന്നീ പ്രവൃത്തികൾ തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തലശ്ശേരി-വളവുപാറ റോഡ് കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്.

(ബി) രണ്ടാം ഘട്ടത്തിൽപ്പെടുന്ന റോഡുകളുടെ വിശദമായ പഠന റിപ്പോർട്ട് ധനസഹായത്തിനുവേണ്ടി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതാണ്.